# കണ്ണ് മതിയായേടത്ത്
# കൈ ഉപയോഗിക്കരുത്

jthrees@hotmail.com

വടി പ്രയോഗിക്കേണ്ട സ്ഥാനത്ത് വാൾ ഉപയോഗിക്കരുത്. എലിയെ കൊല്ലാനാരും ഇല്ലം ചുടാറില്ലല്ലോ. ഓരോന്നിനും അതിൻെറതായ സ്ഥാനങ്ങളും സന്ദർഭങ്ങളുമുണ്ട്. അവ കണ്ടറിഞ്ഞു വേണം പ്രവർത്തിക്കുവാൻ.

മനുഷ്യൻ അക്കങ്ങളെപ്പോലെയാണ്. അർഹമായ സ്ഥാനങ്ങളിൽ മാത്രമേ അവന് വിലയുണ്ടാവുകയുള്ളൂ.

നമ്മുടെ അസ്ഥാനത്തുള്ള പല സമീപനങ്ങളും ഇടപെടലുകളും പലപ്പോഴും നമുക്ക് തന്നെ പല പ്രയാസങ്ങളും വരുത്തിവെച്ചിട്ടുണ്ടാകാം. ആലോചിക്കാതെയുള്ള ഇടപെടലുകളും സംസാരങ്ങളുമാണ് ഇത്തരം പ്രയാസങ്ങൾ വരുത്തിവെക്കുക. സ്വസ്ഥമായി ആലോചിക്കുമ്പോഴാണ് നമുക്ക് പിണഞ്ഞ അബദ്ധങ്ങളെന്തെന്ന് ബോധ്യമാവുകയുള്ളൂ. വൈകാരികമായ സാഹചര്യങ്ങളിൽ വിവേകത്തോടെ പ്രതികരിക്കാൻ പലർക്കും സാധിക്കാറില്ല.

മനസ്സുകളെ വികാരം കൊള്ളിക്കുന്നതും പെരുമാറ്റങ്ങളിൽ അപാകതകളുണ്ടാക്കി രംഗം വഷളാക്കുന്നതും പൈശാചികപ്രലോഭനങ്ങളുടെ സ്വാധീനമാണ്. അവ കണ്ടറിയാനും ചുരുക്കം ആളുകൾക്കു മാത്രമേ സാധിക്കുകയുള്ളൂ.

വളരെ ലഘുവായ ഇടപെടലുകളാണെങ്കിൽ പോലും അത് സ്ഥാനം അറിയാതെയും അനർഹവുമാണെങ്കിൽ വിവേകപൂർണമാകില്ല. ചില സന്ദർഭങ്ങളിൽ മന്ദഹസിക്കുന്നതും പ്രയാസം സൃഷ്ടിച്ചേക്കാം.

മറുപടികളും പ്രതികരണങ്ങളും അവസ്ഥകൾക്കനുസൃതമായിരിക്കണം. ഒരു വാക്ക് മതിയായ സ്ഥലത്ത് വാതോരാതെ സംസാരിക്കരുത്. ചെറിയ പ്രതിയോഗിയെ ഒരുക്കാൻ സർവ സന്നാഹവും വേണ്ടതില്ല. അത് രാഷ്ട്രീയക്കാരുടെ രീതിയാണ്. നാം അതിൻെറ നിത്യഇരകളുമാണല്ലോ.

തനിക്ക് ഏതെങ്കിലും വിഷയകമായി വല്ലവരോടും സംവദിക്കേണ്ടതുണ്ടെങ്കിൽ അപരൻെറ ന്യായവാദങ്ങളുടെ ശക്തിയും അത് സമർഥിക്കുന്നതിൽ അവനുള്ള കഴിവും പരിഗണിക്കുക. പാത്രത്തെയല്ല, പാത്രത്തിലുള്ളതിനെയാണ് നോക്കേണ്ടത്. കഴിവ് കുറഞ്ഞവനാണെങ്കിൽ തൻെറ ബുദ്ധിയും വ്യയവും മുഴുവൻ ആവശ്യമായി വരില്ല.

അപരനോട് സംവദിക്കാൻ തൻെറ പക്കലുള്ള തെളിവുകളും ന്യായസമർഥന കഴിവും എത്രമാത്രമുണ്ടെന്ന് പരിശോധിക്കണം.

ചിലപ്പോൾ ഒരു നോട്ടം മതിയാകാം. അവിടെ സ്വയം മറന്ന് പ്രവർത്തിക്കുന്നത് ഉചിതമല്ല. തല്ല് ഭയന്ന് ഉടുമുണ്ടിൽ മൂത്രമൊഴിക്കുന്ന കുട്ടിയെ വീണ്ടും വാരിവലിച്ച് തല്ലുന്നതിലെ അനൗചിത്യം മനസ്സിലാക്കാവുന്നതേയുള്ളൂ. മിതവും അവസരോചിതവുമായ പ്രതികരണം കുഴപ്പങ്ങളെ ഇല്ലാതെയാക്കാൻ സഹായകമാണ്. നമുക്ക് കൈമോശം വന്ന ഗുണങ്ങളിൽ പെട്ടതാണ് ഈ രീതിയിലുള്ള പ്രതികരണശേഷി.